LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. എല്ലാ ബ്ലോക്കുകളിലും യൂത്ത് റിസോഴ്സ് സെന്ററുകൾ ആരംഭിക്കുന്നതിന് യുവജനക്ഷേമ ബോർഡ് തീരുമാനം എടുത്തിട്ടുണ്ട്.

(ബി) ഇതിലേയ്ക്കായി കേന്ദ്രസഹായം ലഭിക്കുന്നില്ല.

(സി) ബ്ലോക്ക് പഞ്ചായത്തുകളുമായി സഹകരിച്ചാണ് പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്.

(ഡി) പെരിങ്ങമ്മല ബ്ലോക്ക് പഞ്ചായത്ത് ഇതിനായി സ്ഥലം അനുവദിച്ചതിന്റെ അടിസ്ഥാനത്തിൽ ഒരു പരീക്ഷണം എന്ന നിലയ്ക്ക് യൂത്ത് റിസോഴ്സ് സെന്റർ ആരംഭിച്ചിട്ടുണ്ട്. ഇതിനായി മൂന്ന് ലക്ഷം രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുടെ പുരോഗതി വിലയിരുത്തിയശേഷം മറ്റ് ബ്ലോക്കുകളിലേക്ക് വ്യാപിപ്പിക്കുന്നകാര്യം ആലോചിക്കുന്നതാണ്.

യുവജനക്ഷേമ പ്രവർത്തനങ്ങൾ

363 (703) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായികബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യുവജനക്ഷേമ പരിപാടികൾക്കായി കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ ആലപ്പുഴ ജില്ലയിൽ ചെലവഴിച്ച തുകയുടെ മണ്ഡലഅടിസ്ഥാനത്തിലുള്ള വിവരങ്ങൾ വിശദമാക്കാമോ ;

(ബി) യുവജനക്ഷേമ പ്രവർത്തനങ്ങൾക്കായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നടപ്പാക്കിയ പരിപാടികൾ ഏതൊക്കെയാണെന്നും പുതുതായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എതൊക്കെയാണെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) യുവജനക്ഷേമ പരിപാടികൾക്കായി കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ ആലപ്പുഴ ജില്ലയിൽ ചെലവഴിച്ച തുകയുടെ മണ്ഡല അടിസ്ഥാനത്തിലുള്ള വിവരങ്ങൾ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

(ബി) യുവജനക്ഷേമ പ്രവർത്തനങ്ങൾക്കായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നടപ്പാക്കിയ പരിപാടികൾ ചുവടെ ചേർക്കുന്നു :

2011-ൽ യുവകർമ്മസേന, മേഖലാപരിശീലന ക്യാമ്പ്, കേരളോത്സവം, ജോബ്ഫെസ്റ്റ്, യുവമാധ്യമ പ്രവർത്തക ക്യാമ്പ്, യൂത്ത് അവാർഡ്, സാമൂഹ്യ ബോധവൽക്കരണ പരിപാടി എന്നിവ സംഘടിപ്പിച്ചു 2012-ൽ ജാഗരൺഭാരത് (നാഷണൽ ഇന്റഗ്രേഷൻ ക്യാമ്പ്), ഗോത്രായനം (നാഷണൽ ട്രൈബൽ ഫെസ്റ്റ്), ജൻഡർ ഫെസ്റ്റ്, ഇന്റർ നാഷണൽ യൂത്ത് എക്സ്ചേഞ്ച് പ്രോഗ്രാം, വനിതാ ശില്പശാല, വ്യക്തിത്വവികസന പരിപാടി, കേരളോത്സവം എന്നിവ സംഘടിപ്പിച്ചു

2013-ൽ സംരംഭകത്വ വികസന പദ്ധതി, അക്ഷര യുവത്വം, ജാഗരൺഭാരത്, നാടിക, കേരളോത്സവം, സകർമ്മ (യൂത്ത് ലീഡർഷിപ്പ് ക്യാമ്പ്) ഗോത്ര താളം, പട്ടികവർഗ്ഗ യുവജനങ്ങൾക്കായി ഭാരത ദർശൻ എന്നിവ സംഘടിപ്പിച്ചു

2014-ൽ ജാഗരൺഭാരത്, ഷോർട്ട് ഫിലിം ഫെസ്റ്റ്, യുവമാധ്യമ ശില്പശാല, പുനർജനി പദ്ധതി എന്നിവ സംഘടിപ്പിച്ചു

യുവജനക്ഷേമ ബോർഡ് നടപ്പിലാക്കുന്ന പദ്ധതികൾ

364 (704) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യുവജനങ്ങളുടെ സർവ്വതോൻമുഖമായ വികസനം ലക്ഷ്യമാക്കി യുവജന ക്ഷേമ ബോർഡ് നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(ബി) യുവജനങ്ങൾക്ക് ജോലി ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly